भारतीय रिज़र्व बैंक
RESERVE BANK OF INDIA
www.rbi.org.in

RBI/2017-18/203
FIDD.CO.Plan.BC.22/04-09-01/2017-18 ജൂൺ 19, 2018

റീജിയണൽ റൂറൽ ബാങ്കുകൾ, സ്മാൾ ഫിനാൻസ് ബാങ്കുകൾ
ഒഴികെയുള്ള എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെയും
ചെയർമാൻ/മാനേജിംഗ് ഡയറക്ടർ/സി.ഇ.ഓ.മാർ

പ്രിയപ്പെട്ട സർ/മാഡം,

**മുൻഗണനാ-മേഖലാ വായ്പകൾ-ലക്ഷ്യങ്ങളും വർഗ്ഗീകരണവും**

1. 2018 ജൂൺ 6-ൽ പുറപ്പെടുവിച്ച രണ്ടാം ദ്വിമാസ പണനയ പ്രസ്താവനയിൽ 6-ാം ഖണ്ഡികയായ വികസനപരവും നിയന്ത്രണസംബന്ധവുമായ നയം നോക്കുക. ഭവനവായ്പകളെ മുൻഗണനാ വിഭാഗത്തിൽപ്പെടുത്താൻ യോഗ്യതകൾ നിർണ്ണയിക്കുന്ന മുൻഗണനാ വിഭാഗം വായ്പകൾ-ലക്ഷ്യങ്ങളും വർഗ്ഗീകരണവും എന്ന പ്രാമാണിക നിർദ്ദേശവും (Master Direction) കാണുക.

2. മുകളിൽപറഞ്ഞ പ്രാമാണിക നിർദ്ദേശപ്രകാരം മെട്രോപൊളിറ്റൻ നഗരങ്ങ ളിലുള്ള (പത്തുലക്ഷവും അതിനു മുകളിലും ജനസംഖ്യയുള്ളവ) വ്യക്തികൾക്ക് നൽകുന്ന 28 ലക്ഷം രൂപവരെയുള്ളതും, മറ്റു സ്ഥലങ്ങളിൽ 20 ലക്ഷം രൂപ വരെയുമുള്ള വായ്പകൾ, അവ താമസിക്കുവാൻവേണ്ടി നിർമ്മിക്കുന്ന വീടിന് യഥാക്രമം 35 ലക്ഷം രൂപയും 25 ലക്ഷം രൂപയും ചിലവിലധികമല്ലെങ്കിൽ മുൻഗണനാവിഭാഗത്തിൽപെടുത്താൻ യോഗ്യതയുള്ളവയായിരിക്കും.

3. പ്രാപ്തമായ ഭവനവായ്പകളിൻ കീഴിലുള്ള ഭവനവായ്പകൾക്കുവേണ്ടിയുള്ള മുൻഗണനാ വിഭാഗവായ്പകൾ സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളുടെ ഒരു സംയോജനം മുൻനിറുത്തിയും സാമ്പത്തികമായി ദുർബലവിഭാഗങ്ങളിൽപെട്ടവർക്കും, താഴ്ന്നവരു മാനക്കാർക്കും ചിലവുകുറഞ്ഞ ഭവന നിർമ്മാണത്തിന് പ്രേരണ നൽകാനും, മുൻഗണനാവിഭാഗത്തിൻകീഴിൽ യോഗ്യത നേടാൻ, ഭവനവായ്പയുടെ പരിധി മെട്രോ പൊളിറ്റൻ കേന്ദ്രങ്ങളിൽ (10 ലക്ഷവും അതിലധികവും ജനസംഖ്യയുള്ളവ) 35 ലക്ഷം രൂപയായും മറ്റു കേന്ദ്രങ്ങളിൽ 25 ലക്ഷം രൂപയുമായി (മെട്രോപൊളിറ്റൻ കേന്ദ്രങ്ങളിലെ നിർമ്മാണച്ചിലവ് 45 ലക്ഷം രൂപയും മറ്റു കേന്ദ്രങ്ങളിൽ 30 ലക്ഷവും കവിയുന്നില്ലെങ്കിൽമാത്രം) പുതുക്കിനിശ്ചയിക്കുന്നതായിരിക്കും.

वित्तीय समावेशन और विकास विभाग, केन्द्रीय कार्यालय,10 वी मंजिल, केंद्रीय कार्यालय भवन, शहीद भगतसिंह मार्ग,पोस्ट बॉक्स सं. 10014,मुंबई -400001
Financial Inclusion & Development Dept.,Central Office,10th Floor, Central Office Building,Shahid Bhagat Singh Marg,P.B.No.10014,Mumbai-1
टेली Tel:022-22601000 फैक्सः 91-22-22621011/22610943/22610948 ई -मेल : cgmincfidd@rbi.org.in
हिंदी आसान है,इसका प्रयोग बढ़ाइए।
"चेतावनी : रिज़र्व बैंक द्वारा मेल-डाक, एसएमएस या फोन कॉल के जरिए किसी की भी व्यक्तिगत जानकारी जैसे बैंक के खाते का ब्यौरा, पासवर्ड आदि नहीं मांगी जाती है। यह धन रखने या देने का प्रस्ताव भी नहीं करता है। ऐसे प्रस्तावों का किसी भी तरीके से जवाब मत दीजिए।"
**Caution:** RBI never sends mails, SMSs or makes calls asking for personal information like bank account details, passwords, etc. It never keeps or offers funds to anyone. Please do not respond in any manner to such offers.

4. ഇതുകൂടാതെ, പ്രധാനമന്ത്രി ആവാസ്യോജനാപദ്ധതിക്ക് അനുയോജ്യമായി, സാമ്പത്തിക മായി ദുർബലവിഭാഗങ്ങൾക്കും, (EWS) താഴ്ന്ന വരുമാനക്കാർക്ക് (LIG) മുഖ്യനിർദ്ദേശം ഖണ്ഡിക 10.4 നിശ്ചയിച്ചിട്ടുള്ള പ്രതിവർഷം 2 ലക്ഷം രൂപ കുടുംബ വരുമാനം എന്ന ഇപ്പോഴത്തെ പരിധി ഭവനനിർമ്മാണ പ്രോജക്ടുകൾക്കുമാത്രമായ ദുർബലവി ഭാഗങ്ങൾക്ക് 3 ലക്ഷം രൂപയായും, താഴ്ന്നവ രുമാനക്കാർക്ക് 6 ലക്ഷം രൂപയായും പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

5. പ്രാമാണിക നിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ള മറ്റെല്ലാ വ്യവസ്ഥകളും ഉപാധികളും മാറ്റമില്ലാതെ തുടരും. ഈ പ്രാമാണിക നിർദ്ദേശങ്ങൾ മാറ്റങ്ങൾ ഉൾപ്പെടുത്തി ഇതോടൊപ്പം പുതുക്കുന്നതാണ്.

6. പുതുക്കി നിശ്ചയിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഈ സർക്കുലർ തീയതി മുതൽ നിലവിൽ വരും.

വിശ്വാസപൂർവ്വം

(ഗൗതംപ്രസാദ് ബോറ)

ചീഫ് ജനറൽമാനേജർ ഇൻ ചാർജ്ജ്